# സ്കൂൾ വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | G. G. H. S. S. Kallai |
| സ്കൂൾ കോഡ് | : | 17002 |
| അഡ്രസ്സ് | : | Kallai (PO), Kozhikode |
| ഫോൺ നമ്പർ | : | 0495-2323962 |
| ഇ-മെയിൽ അഡ്രസ്സ് | : | gghskallai@gmail.com |
| സർക്കാർ/ എയിഡഡ് /അൺഎയിഡഡ് | : | സർക്കാർ |
| ക്ലാസ് ( സ്റ്റാൻഡേർഡ് ) | : | STD 5 - STD 12 |
| സ്കൂൾ നടത്തുന്ന സർക്കാർ വകുപ്പിന്റെ പേര് | : | General Education |
| റവന്യു ജില്ലയുടെ പേര് | : | Kozhikode |
| വിദ്യാഭ്യാസ ജില്ല | : | Kozhikode |
| വിദ്യാഭ്യാസ ഉപജില്ല | : | Kozhikode City |
| സ്കൂൾ സ്ഥാപിച്ച വർഷം | : | 1886 |
| നിയോജകമണ്ഡലം | : | Kozhikode South |
| പാർലമെന്റ് നിയോജകമണ്ഡലം | : | Kozhikode |

# ആമുഖം

കേരളത്തിലെ കോഴിക്കോട് ജില്ലയിലെ കല്ലായിപ്പുഴയുടെ തീരത്തുള്ള ഒരു ചെറിയ പട്ടണമായ കല്ലായി എന്ന സ്ഥലത്ത് സ്ഥിതിചെയ്യുന്ന ഒരു സർക്കാർ വിദ്യാലയമാണ് **കല്ലായി ഗവ. ഗണപത് ഹയർ സെക്കണ്ടറി സ്കൂൾ**. കോഴിക്കോട് ജില്ലയിൽ കോഴിക്കോട് നഗരസഭയിലാണ് ഈ വിദ്യാലയം സ്ഥിതി ചെയ്യുന്നത്. കോഴിക്കോട് സിറ്റി ഉപജില്ലയിൽ ഉൾപ്പെട്ട ഈ സ്ഥാപനം 1912 ൽ സ്ഥാപിതമായി.

## ചരിത്രം

ചരിത്രമുറങ്ങുന്ന സാമൂതിരിയുടെ മണ്ണിൽ ,കല്ലായി പുഴയുടെ തീരത്ത് നിലകൊള്ളുന്ന ഗവൺമെൻറ് ഗണപത് ഹയർസെക്കൻഡറി സ്കൂൾ, കല്ലായിക്ക് 100 വർഷത്തിലധികം പഴക്കമുണ്ട്. ഏകദേശം 150 വർഷം മുമ്പ് പന്നിയങ്കരയിലെ പുരാതന തറവാടായ പൊക്കാവ് തറവാട്ടിലെ അച്ചു എഴുത്തച്ഛനാണ് ഈ വിദ്യാലയം എഴുത്തുപള്ളിക്കൂടം ആയി ആരംഭിച്ചത്. പിൽ കാലഘട്ടത്തിൽ കണ്ണന്തറ തറവാട്ടുകാരുടെ സ്ഥലത്തുണ്ടായിരുന്ന പള്ളിക്കൂടം വിദ്യാഭ്യാസ പ്രവർത്തകനും ഉദാര ശീലനും ആയ ഗണപത് റാവു വിലയ്ക്ക് എടുക്കുകയും മിഡിൽ സ്കൂൾ ആയി ഉയർത്തുകയും ചെയ്തു . ആറാം ക്ലാസ് വരെയുള്ള പ്രഥമ പ്രധാനാധ്യാപകൻ ശേഷു അയ്യർ ആയിരുന്നു. ഗണപത് സ്കൂളുകളുടെ സ്ഥാപകനായ ഗണപത് റാവുവിന്റെ മകൻ സർവോത്തമ റാവു സ്കൂളിൻറെ പുരോഗതിക്ക് വേണ്ടി കഠിനപ്രയത്നം ചെയ്തു. 1916 മുതൽ മിഡിൽ സ്കൂൾ 34

വർഷക്കാലം ആ നിലയിൽ തുടരുകയും പിന്നീട് മദ്രാസ് സർക്കാരിന്റെ വിദ്യാഭ്യാസ അനുകൂല ശ്രമഫലമായി ഈ വിദ്യാലയത്തിന് 1950 -ൽ ഹൈസ്കൂളായി അംഗീകാരം ലഭിക്കുകയും ചെയ്തു. അന്നത്തെ പ്രധാനാധ്യാപകൻ വിക്ടോറിയൻ നൂൺ ആയിരുന്നു.

പന്നിയങ്കര അംശം ദേശത്ത് നാലര ഏക്കർ ഭൂമിയിൽ നിലകൊള്ളുന്ന ഈ വിദ്യാലയം ഇന്ത്യൻ സ്വാതന്ത്ര്യസമര ചരിത്രത്തിലെ മുന്നണിപ്പോരാളിയും രാജ്യതന്ത്രജ്ഞനും പ്രതിരോധമന്ത്രിയുമായ പത്മവിഭൂഷൺ ശ്രീ വി കെ കൃഷ്ണമേനോന്റെ തറവാട്ട് സ്ഥലത്താണ് നിലകൊള്ളുന്നത്. ശ്രീ വി കെ കൃഷ്ണമേനോൻ ഈ വിദ്യാലയത്തിലെ പൂർവ്വ വിദ്യാർത്ഥി കൂടി ആയിരുന്നു എന്നുള്ളത് ഈ വിദ്യാലയ ചരിത്രത്തിന് ഒരു പൊൻതൂവൽ കൂടിയാണ്.

ശ്രീ ആർ ശങ്കർ മുഖ്യമന്ത്രിയായിരുന്ന കാലഘട്ടത്തിൽ ഹൈസ്കൂൾ വിഭാഗത്തിന് പുതിയ സ്ഥലം വിലയ്ക്ക് വാങ്ങുകയും വിദ്യാഭ്യാസമന്ത്രി ആയിരുന്ന ജോസഫ് മുണ്ടശ്ശേരി 1957 ൽ ഈ വിദ്യാലയം സർക്കാർ വിദ്യാലയം ആക്കി മാറ്റുകയും ചെയ്തു. 1952-53 കാലഘട്ടത്തിൽ 44 വിദ്യാർഥികളുമായി ആദ്യത്തെ എസ് എസ് എൽ സി ബാച്ച് പുറത്തുവന്നു. അന്നത്തെ പ്രധാനാധ്യാപകൻ ശ്രീ കുമാരൻ നമ്പ്യാർ ആയിരുന്നു.

കുട്ടികളുടെ ബാഹുല്യം കാരണം ഷിഫ്റ്റ് സമ്പ്രദായത്തിൽ ആയിരുന്നു ക്ലാസ്സുകൾ നടന്നിരുന്നത്. 1971 ൽ അധ്യാപക രക്ഷാകർതൃ സമിതി രൂപീകൃതമാവുകയും ചെയ്തു. ആദ്യത്തെ പിടിഎ പ്രസിഡണ്ട് ആയിരുന്ന ശ്രീ കെ പി രാമൻ നായർ

ഇവിടത്തെ പൂർവ്വ വിദ്യാർത്ഥിയും അറിയപ്പെടുന്ന ഒരു നാടക കലാകാരൻ കൂടി ആയിരുന്നു. 1996 മാർച്ച് മാസത്തിൽ കേരള വിദ്യാഭ്യാസ മന്ത്രിയായിരുന്ന ശ്രീ ഇ റ്റി മുഹമ്മദ് ബഷീർ പുതിയ കെട്ടിടത്തിന് തറക്കല്ലിട്ടു. 2002ൽ അന്നത്തെ വിദ്യാഭ്യാസ മന്ത്രി ആയിരുന്ന ശ്രീ നാലകത്ത് സൂപ്പി പുതിയ കെട്ടിടം ഉദ്ഘാടനം ചെയ്തു. 2004-ൽ ഹയർസെക്കൻഡറി വിഭാഗം പ്രവർത്തിച്ചുതുടങ്ങി. സയൻസ്, കൊമേഴ്സ് എന്നീ വിഭാഗങ്ങളിലായി ആദ്യം ക്ലാസ്സുകൾ ആരംഭിച്ചു.

## ഭൂവിസ്തൃതി

വിശാലമായ കളിസ്ഥലത്തോടുകൂടി നാലേക്കർ ഭൂമിയിൽ പ്രൗഢിയോടെ സ്കൂൾ നിലനിൽക്കുന്നു.

## ഭൗതികസാഹചര്യം

ഒരു വിദ്യാലയത്തിന്റെ സമഗ്രമായ പുരോഗതി അവിടുത്തെ ഭൗതിക സാഹചര്യത്തെ ആശ്രയിച്ചാണ് ഇരിക്കുന്നത്. വിദ്യാർത്ഥിക്ക് അവന്റെ സർഗവാസനകളെ പ്രോത്സാഹിപ്പിക്കാനും ശാരീരികവും മാനസികവുമായ വളർച്ചയ്ക്കും ശിശു സൗഹൃദപരമായ ഒരു അന്തരീക്ഷം അത്യാവശ്യമാണ്. കോഴിക്കോട് ജില്ലയിലെ മറ്റ് സർക്കാർ വിദ്യാലയങ്ങളെ അപേക്ഷിച്ച് കല്ലായി ഗവൺമെൻറ് ഗണപത് ഹയർ സെക്കൻഡറി സ്കൂൾ ഭൗതിക സാഹചര്യങ്ങളിൽ ഏറെ മുന്നിലാണ്. ശാന്തമായ അന്തരീക്ഷവും തികഞ്ഞ അച്ചടക്കവും പാലിച്ചുകൊണ്ട് മുന്നോട്ടുപോകാൻ സാധിക്കുന്ന ഭൗതികസാഹചര്യമാണ് ഇവിടെ ഉള്ളത്. പതിനായിരത്തോളം പുസ്തകങ്ങൾ ഉള്ള ബൃഹത്തായ ഒരു ലൈബ്രറി സ്കൂളിന്

സ്വന്തമാണ്. 20 ഓളം ലാപ്ടോപ്പുകൾ ഉള്ള ഒരു കമ്പ്യൂട്ടർ ലാബും, കുട്ടികളുടെ ശാസ്ത്ര അഭിരുചി വളർത്തുവാനുതകുന്ന മികച്ച ഒരു സയൻസ് ലാബും സ്കൂളിനുണ്ട്. യു പി , ഹൈസ്കൂൾ ക്ലാസ്സുകൾക്കായി ഹൈടെക് ക്ലാസ്സ് മുറികൾ ,സ്മാർട്ട് ക്ലാസ്സ് റൂം എന്നിങ്ങനെയുള്ള ആധുനിക സംവിധാനങ്ങൾ സ്കൂളിനായുണ്ട് . കോഴിക്കോട് ജില്ലയിൽ മറ്റൊരു വിദ്യാലയത്തിനും അവകാശപ്പെടാൻ പറ്റാത്ത വിശാലമായ ഒരു ഗ്രൗണ്ട് കല്ലായി ഗവ . ഹയർസെക്കണ്ടറി സ്കൂളിന് സ്വന്തമാണ് .

## പരിമിതികൾ

- ഒരു പൊതു ഓഡിറ്റോറിയം
- പെൺകുട്ടികൾക്കയി She - Friendly ടോയിലെറ്റ് ബ്ലോക്ക്
- സിക്ക് റൂം / റസ്റ്റ് റൂം
- കൌൺസിലിങ് റൂം
- ഇൻഡോർ സ്റ്റേഡിയം / സ്പോർട്സ് പവലിയൻ
- കളിയുപകരണങ്ങൾ സൂക്ഷിക്കുന്നതിനായി പ്രത്യേകം മുറി

# 2025-2026 വർഷത്തെ വിദ്യാർത്ഥികളുടെ എണ്ണം

| ഡിവിഷൻ | കുട്ടികൾ |
|---|---|
| 5 | 6 |
| 6 | 5 |
| 7 | 7 |
| 8A | 31 |
| 8B | 31 |
| 9 | 20 |
| 10 | 17 |
| ആകെ | 117 |

# 2025-2026 വർഷത്തെ അധ്യാപകരും കൈകാര്യം ചെയ്യുന്ന വിഷയവും

| അധ്യാപകരുടെ പേര് | കൈകാര്യം ചെയ്യുന്ന വി ഷയം |
|---|---|
| ജയന്തിമതി കെ ടി | ഹിന്ദി |
| ജോയ്സി ജോൺ | ഗണിതം ,ICT |
| ബിന്ദുബായി ഒ വി | മലയാളം |
| നിഷ ഇ വി | ഊർജതന്ത്രം , രസതന്ത്രം |
| വിപിൻ കെ | സാമൂഹ്യശാസ്ത്രം |
| ഷാജിത | അറബിക് |
| രമ്യ പി | അടിസ്ഥാന ശാസ്ത്രം |
| പ്രദീപ് സി എം | മലയാളം |
| ബിൻസി | Ganitham |
| സുനുമോൾ | സ്കൂൾ കൌൺസിലർ |

## അക്കാദമികം

## നേട്ടങ്ങൾ

- കഴിഞ്ഞ കുറച്ചു വർഷങ്ങളായുള്ള ശ്രമഫലമായി ഈ അധ്യയന വർഷം പുതിയതായി std 8ൽ ഒരു ഇംഗ്ലീഷ് മീഡിയം ക്ലാസ് ആരംഭിക്കുവാൻ സാധിച്ചത് സ്കൂളിന്റെ മികച്ച നേട്ടമായി കണക്കാക്കുന്നു. ഏകദേശം 70 ഓളം പുതിയ അഡ്മിഷൻ നടത്താൻ കഴിഞ്ഞത് എടുത്ത് പറയത്തക്ക നേട്ടം തന്നെ ആണ്.

- കഴിഞ്ഞ 11 വർഷങ്ങളായി തുടർച്ചയായി എസ്എസ്എൽസി പരീക്ഷയിൽ 100% വിജയം. എല്ലാ വർഷങ്ങളിലും A+ കളുടെ എണ്ണം വർദ്ധിപ്പിക്കുവാൻ സാധിച്ചു. കുട്ടികളുടെ നിലവാരം അനുസരിച്ച് പ്രത്യേക പരിശീലനം നൽകുന്നതിലൂടെ എല്ലാ കുട്ടികളെയും വിജയിക്കുവാനും മികച്ച വിജയം കൈവരിക്കാനും സാധിച്ചു.

- USS, NMMSE പരീക്ഷകളിൽ തിളക്കമാർന്ന വിജയം കൈവരിച്ചു .

- Little Kites യൂണിറ്റ് ആരംഭിക്കുകയും മികച്ച പ്രകടനം കാഴ്ചവെക്കുകയും ചെയ്യുന്നു .

- ശ്രദ്ധ, സുരീലി ഹിന്ദി തുടങ്ങിയ പഠനപ്രവർത്തനങ്ങളിലൂടെ കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്താൻ സാധിച്ചു .

- ക്ലബ് പ്രവർത്തനങ്ങൾ , ദിനാചരണങ്ങൾ എന്നിവ ഊർജിതമായി നടക്കുന്നു .

- വിവിധ മത്സര പരീക്ഷകൾ , ശാസ്ത്ര, ഗണിതശാസ്ത്ര, സമൂഹ്യശാസ്ത്ര, പ്രവൃത്തിപരിചയമേളകൾ എന്നിവയിൽ പങ്കാളിത്തം ഉറപ്പിക്കുകയും തിളക്കമാർന്ന വിജയം കൈവരിക്കുകയും ചെയ്തു .

- NAS പരീക്ഷകളിൽ പ്രത്യേക പരിശീലനം നടത്തുകയും വിദ്യാർഥികൾ പരീക്ഷകളിൽ മികച്ച വിജയം കൈവരിക്കുകയും ചെയ്തു.

- ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെട്ട വിദ്യാർഥികൾക്ക് പ്രത്യേക ശ്രദ്ധ നല്കുകയും മികവാർന്ന പ്രവർത്തനങ്ങൾ നടത്തുന്നതിനും സാധിച്ചു .

## പരിമിതികൾ

- ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പ് വരുത്തി ഏറ്റവും കൂടുതൽ വിദ്യാർഥികൾ മികച്ച വിജയം നേടുന്നുവെങ്കിലും യുപിക്ലാസ്സുകൾ ഹൈടെക് നിലവരത്തിലേക്കെത്തണമെന്നത് ഒരു പരിമിതിയാണ്.

- പൂർവ്വവിദ്യാർഥികൾ , പി ടി എ, സുമനസ്സുകളായ വ്യക്തികൾ , സ്ഥാപനങ്ങൾ തുടങ്ങിയവരുടെ സഹകരണം കൊണ്ട് ഹൈസ്കൂൾ തലത്തിൽ ഒരു ഹൈടെക് ക്ലാസ്സ് പുനരുദ്ധാരണം നടത്തിയെങ്കിലും വരും വർഷങ്ങളിൽ

- സ്കൂളിന് സ്വന്തമായി വാഹന സൗകര്യം ഒരുക്കേണ്ടതായിട്ടുണ്ട് .
- IEDറിസോഴ്സ് ടീച്ചറിന്റെ മുഴുവൻ സമയ സേവനം ലഭ്യമല്ല.
- കലാകായിക പ്രവർത്തി പരിചയ അധ്യാപകരുടെ സേവനം ഇല്ല.
- വിശാലമായ കളിസ്ഥലം ഉണ്ടെങ്കിലും ഒരു കായിക അധ്യാപകന്റെ സേവനം ഇല്ല.
- ഗണിത ലാബ് , സാമൂഹ്യശാസ്ത്ര ലാംഗ്വേജ് ലാബ് എന്നിവ ഇല്ല.

## പാഠ്യേതര പ്രവർത്തനങ്ങൾ

- ലിറ്റിൽ കൈറ്റ്സ്
- വിദ്യാരംഗം കലാസാഹിത്യ വേദി
- ഹരിത ക്ലബ്ബ്
- സയൻസ് ക്ലബ്
- എക്കോ ക്ലബ്
- ഹെൽത്ത് ക്ലബ്
- സോഷ്യൽ സയൻസ് ക്ലബ്
- ഗണിതക്ലബ്

## ലക്ഷ്യങ്ങൾ

- ഓരോ വിദ്യാർത്ഥിയുടെയും സമഗ്ര ഗുണമേന്മ ഉറപ്പാക്കി വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി മാറ്റുക.

- അഞ്ചു മുതൽ 10 വരെയുള്ള ക്ലാസുകളെ ഓരോ കുട്ടിക്കും സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പുവരുത്തുക.

- ഓരോ കുട്ടിയെയും കേന്ദ്രമാക്കി മാറ്റുക.

- കുട്ടികളുടെ സർഗ്ഗപരവും, ശാസ്ത്രപരവും, കായികപരവുമായ കഴിവുകൾ പരമാവധി പ്രോത്സാഹിപ്പിക്കുക.

- ഓരോ വിദ്യാർത്ഥിയും ആർജിക്കേണ്ട ധാരണകളും നൈപുണികളും ഉറപ്പുവരുത്തുക.

- ഭിന്നശേഷി സൗഹൃദ വിദ്യാലയ അന്തരീക്ഷം നിലനിർത്തുക.

- വിജയോത്സവം പ്രവർത്തനങ്ങളിലൂടെ പത്താം ക്ലാസിൽ ഉന്നത വിജയം കൈവരിക്കുന്നതിനും എ പ്ലസ്കളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും ഉതകുന്ന പ്രവർത്തനങ്ങൾ നടത്തുക.

❖ അഞ്ചു മുതൽ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിഗണന നൽകി മുഖ്യധാരയിലേക്ക് എത്തിക്കുക.

❖ ലൈബ്രറി നവീകരണത്തിലൂടെ കുട്ടികളിൽ വായനാശീലം വളർത്തുക.

❖ ഓരോ ക്ലാസിലും ആർജിക്കേണ്ട ശേഷികൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളും കണ്ടെത്തി അവ സമയബന്ധിതമായി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തന കലണ്ടർ തയ്യാറാക്കുക.

❖ എല്ലാ കുട്ടികൾക്കും ഭാഷാവിഷയങ്ങൾ സംസാരിക്കുന്നതിനും എഴുതുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

❖ ഹരിത വിദ്യാലയം പ്രവർത്തനങ്ങൾ ദൃഢമാക്കുക.

❖ ഗണിതശേഷി വികസന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു .

❖ ശാസ്ത്ര ഗവേഷണ പരിപോഷണ പരിപാടികൾ YIP ,Inspire അവാർഡ് എന്നിവയിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പിക്കുക .

❖ യു എസ് എസ് എൻ എം എം എസ് തുടങ്ങിയ സ്കോളർഷിപ്പ് പരീക്ഷകൾക്ക് ആവശ്യമായ പിന്തുണ നൽകുക.

## അക്കാദമിക മികവിനായി
## ഏറ്റെടുക്കുന്നപ്രവർത്തനങ്ങളും വികസന ലക്ഷ്യങ്ങളും

- ഭാഷാശേഷി വികസനം
- വായനശേഷിവികസനം
- ഇംഗ്ലീഷ് പഠനം അനായാസമാക്കൽ
- ഗണിതശേഷി വികസനം
- ശാസ്ത്രപോഷണ പരിപാടി
- പ്രതിഭപോഷണ പരിപാടി
- ലാബുകളുടെ ശാക്തീകരണം
- ലൈബ്രറിയുടെ ശാക്തീകരണം
- പച്ചക്കറിത്തോട്ടം, ഔഷധ സസ്യോദ്യാനം
- സ്കോളർഷിപ്പ് പരീക്ഷാപരിശീലനം
- സ്കൂൾ പത്രം മാസിക
- അധ്യാപക ശാക്തീകരണം -SRG തലം
- പ്രവൃത്തി പരിചയ പരിശീലനം
- കലാപരിപോഷണം
- സാഹിത്യ ശില്പശാലകൾ
- മെഡിക്കൽ ക്യാമ്പുകൾ
- സ്കൂൾബ്ലോഗ് കാര്യക്ഷമമാക്കൽ
- ദിനാചരണങ്ങൾ - ശക്തിപ്പെടുത്തൽ
- എല്ലാ ആഴ്ച്ചകളിലും ശാസ്ത്ര പരീക്ഷണങ്ങൾ.
- കായിക ശേഷി വികസനം
- ചോദ്യപേപ്പർ ശില്പശാല
- വിലയിരുത്തൽ കാര്യക്ഷമമാക്കൽ
- ക്ലാസ് പിടിഎ കാര്യക്ഷമമാക്കൽ
- ഐടി ശാസ്ത്ര ഗണിത കലാ പ്രവൃത്തി പരിചയമേളകൾ
- 3 വിജ്ഞാനദായിനി മത്സരങ്ങൾ.

## അക്കാദമിക മികവിനായി
## ഏറ്റെടുക്കുന്നപ്രവർത്തനങ്ങളും വികസന ലക്ഷ്യങ്ങളും

- ❖ ഭാഷാശേഷി വികസനം
- ❖ വായനശേഷിവികസനം
- ❖ ഇംഗ്ലീഷ് പഠനം അനായാസമാക്കൽ
- ❖ ഗണിതശേഷി വികസനം
- ❖ ശാസ്ത്രപോഷണ പരിപാടി
- ❖ പ്രതിഭപോഷണ പരിപാടി
- ❖ ലാബുകളുടെ ശാക്തീകരണം
- ❖ ലൈബ്രറിയുടെ ശാക്തീകരണം
- ❖ പച്ചക്കറിത്തോട്ടം, ഔഷധ സസ്യോദ്യാനം
- ❖ സ്കോളർഷിപ്പ് പരീക്ഷാപരിശീലനം
- ❖ സ്കൂൾ പത്രം മാസിക
- ❖ അധ്യാപക ശാക്തീകരണം -SRG തലം
- ❖ പ്രവൃത്തി പരിചയ പരിശീലനം
- ❖ കലാപരിപോഷണം
- ❖ സാഹിത്യ ശില്പശാലകൾ
- ❖ മെഡിക്കൽ ക്യാമ്പുകൾ
- ❖ സ്കൂൾബ്ലോഗ് കാര്യക്ഷമമാക്കൽ
- ❖ ദിനാചരണങ്ങൾ - ശക്തിപ്പെടുത്തൽ
- ❖ എല്ലാ ആഴ്ച്ചകളിലും ശാസ്ത്ര പരീക്ഷണങ്ങൾ.
- ❖ കായിക ശേഷി വികസനം
- ❖ ചോദ്യപേപ്പർ ശില്പശാല
- ❖ വിലയിരുത്തൽ കാര്യക്ഷമമാക്കൽ
- ❖ ക്ലാസ് പിടിഎ കാര്യക്ഷമമാക്കൽ
- ❖ ഐടി ശാസ്ത്ര ഗണിത കലാ പ്രവൃത്തി പരിചയമേളകൾ
- ❖ 3 വിജ്ഞാനദായിനി മത്സരങ്ങൾ.

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1.അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പു വരുത്തുക. | ഗണിത ശില്പശാല, കളിരീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ (നമ്പർ കാർഡ്, മുത്തുകൾ, മഞ്ചാടി......) | ജൂൺ | ഗണിത അധ്യാപകർ | |
| 2.ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ. | വിദ്യാലയത്തിലെ ഒരു ക്ലാസ്സിൽ ഗണിതലാബ് സജ്ജമാക്കൽ. ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ. | ആവശ്യാനുസരണം | ഗണിത അധ്യാപകർ | |
| 3.ഗണിതം മധുരമാക്കൽ | ചുറ്റുമുള്ള ജ്യാമിതീയ രൂപങ്ങളെ തിരിച്ചറിഞ്ഞ അവയുടെപ്രാധാന്യം മനസിലാക്കുക. | ആവശ്യാനുസരണം | ഗണിത അധ്യാപകർ കുട്ടികൾ | |
| 4.ഗണിത മേഖലയിൽ കുട്ടികളുടെ താൽപര്യം വർദ്ധിപ്പിക്കൽ | ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകർ, മറ്റു മേഖലയിൽ പ്രവർത്തിക്കുന്നവർ എന്നിവർ പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന കുട്ടികൾക്ക് താല്പര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസ് നൽകൽ. | വർഷത്തിൽ അഞ്ചോ ആറോ തവണ | ഗണിത അധ്യാപകർ ക്ലബ് അംഗങ്ങൾ | PTA |
| 5.ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാഭ്യാസത്തിനും ,പഠനത്തിനുമായി പ്രയോജനപ്പെടുത്തുന്നു. | ഐ ടി സാധ്യത ജ്യാമിതീയ രൂപങ്ങൾ ചതുഷ് ക്രിയകൾ പോലുള്ള പ്രവർത്തനങ്ങൾ ഐ സി ടി സാധ്യത ഉപയോഗിച്ചു കൊണ്ട് കുട്ടികളിൽ എളുപ്പത്തിൽ എത്തിക്കാൻ സാധിക്കും . | ആവശ്യാനുസരണം | ഗണിത അധ്യാപകർ SRG | |
| 6.ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപകർ സമർത്ഥരായ | |

| | | | | |
|---|---|---|---|---|
| മുൻനിരയിൽ എത്തിക്കുന്നു. | അധ്യാപകരും സമർത്ഥരായ കുട്ടികളും ചേർന്ന് വേണ്ട മാർഗ നിർദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു | | കുട്ടികൾ | |
| 7.വിവിധ ശേഷികളുടെ വികസനം. | ദിനാചരണങ്ങൾ ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG | |

# ACADEMIC MASTER PLAN

## ENGLISH

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1.ശരിയായി ഇംഗ്ലീഷ് ശ്രദ്ധിക്കാനും അനായാസം സംസാരിക്കുവാനും അവസരം നൽകുന്നു. | • ഇംഗ്ലീഷിൽ തന്നെ ഇംഗ്ലീഷ് ക്ലാസുകൾ കൈകാര്യം ചെയ്യൽ . | ജൂൺ-മാർച്ച് | ഇംഗ്ലീഷ് അധ്യാപകർ | |
| | • ഇംഗ്ലീഷിൽ നൽകുന്ന നിർദേശങ്ങൾക്ക് അനുസരിച്ച പ്രവർത്തിക്കാനുള്ള നിർദേശങ്ങൾ നൽകുന്നു. | ജൂൺ-ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | |
| | • രസകരവും ലളിതവുമായ ഇംഗ്ലീഷ് റെക്കോർഡുകൾ കേൾപ്പിക്കുന്നു.ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നല്കാൻ പ്രോത്സാഹിപ്പിക്കുന്നു. | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | |
| 2.ഭാവാത്മക വായന പരിശീലിപ്പിക്കുന്നു | • വ്യത്യസ്ത തലങ്ങളിലായി വായന കാർഡുകൾ ക്രമീകരിക്കുന്നു. തെറ്റുകൂടാതെ വായിക്കുവാൻ അവസരങ്ങൾ നൽകുന്നു | ജൂൺ-ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | |
| | • പാഠഭാഗത്തിൽനിന്നും തെരഞ്ഞെടുത്ത വാക്കുകൾ ചാർട്ടിൽ തലതിരിച്ചെഴുതി വായിക്കാൻ അവസരം നൽകുന്നു . മുഴുവൻ വാക്കുകളും ശരിയായി കണ്ടെത്തുന്നവർക്ക് സമ്മാനം നൽകുന്നു. | മാസം തോറും | ഇംഗ്ലീഷ് അധ്യാപകർ | |
| | • പ്രധാനപ്പെട്ട ദിവസങ്ങൾ, സംഭവങ്ങൾ | ജൂൺ-മാർച്ച് | ഇംഗ്ലീഷ് അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | എന്നിവയുടെ ചുരുക്കം ഇംഗ്ലീഷ് ഡയറിയിൽ എഴുതുക. | | | |
| | • കുട്ടികളുടെ കലാസൃഷ്ടികൾ ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ ,മിനി ഡിക്ഷണറി എന്നിവ തയ്യാറാക്കുക | വർഷാവസാനം | ഇംഗ്ലീഷ് ക്ലബ് ഇംഗ്ലീഷ് അധ്യാപകർ | |
| 3.തെറ്റുകൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു | • സൂചന ബോർഡുകൾ ,പോസ്റ്ററുകൾ നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ്റൂമുകളിലും പ്രദർശിപ്പിക്കുന്നു . | ദിനാചരണങ്ങളിൽ | ഇംഗ്ലീഷ് ക്ലബ് | |
| | • ക്ലാസ്സിനെ ഗ്രൂപ്പുകളാക്കുന്നു ചാർട്ടിലെഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരു പ്രാവശ്യം വായിച്ചതിനുശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റുകൂടാതെ എഴുതുന്നു. ആദ്യം ശരിയായി എഴുതിയ ഗ്രൂപ്പ് വിജയികൾ. | മാസം തോറും | ഇംഗ്ലീഷ് അധ്യാപകർ | |
| | • കടംകഥകൾ , കുസൃതിച്ചോദ്യങ്ങൾ, പസിലുകൾ എന്നിവ തയാറാക്കി അവതരിപ്പിക്കാൻ അവസരങ്ങൾ നൽകുന്നു. | ജൂൺ-മാർച്ച് | ഇംഗ്ലീഷ് അധ്യാപകർ ഇംഗ്ലീഷ് ക്ലബ് | |

# GGHSS KALLAI 2025-26
# ACADEMIC MASTER PLAN
## science U P Section

വിദ്യാഭ്യാസരംഗത്തു നിലവിൽ ശാസ്ത്രവിഷയങ്ങൾക്കു ശ്രദ്ധേയമായ ഒരു സ്ഥാനമാണുള്ളത് . ശാസ്ത്രവിഷയങ്ങൾ ക്ലാസ്സുകളിൽ പഠിപ്പിക്കുന്നതിലൂടെ കുട്ടികളുടെ പഠനമികവ് ഉറപ്പാക്കുകയും അതോടൊപ്പം ശാസ്ത്രവിഷയങ്ങൾ പ്രചരിപ്പിക്കാനും ,കൈമാറാനും,നിറവേറ്റാനും പ്രാപ്തിയുള്ള ഒരു തലമുറയെ വാർത്തെടുക്കാൻ കഴിയുന്ന തരത്തിലുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തുകയായിരിക്കണം ഓരോ ശാസ്ത്രക്ലാസ്റൂമുകളും .ആനുകാലിക വിദ്യാഭ്യാസ മേഖലയിൽ ശാസ്ത്രവിഷയങ്ങൾ നേരിടുന്ന പ്രശ്നങ്ങളെ അപഗ്രഥിച് അതിനു പരിഹാരങ്ങൾ കണ്ടാൽ മാത്രമേ നാം ഉദ്ദേശിക്കുന്ന ഫലം കണ്ടെത്താൻ കഴിയുകയുള്ളൂ .വിദ്യാഭ്യാസ മേഖലയിൽ ഉള്ള സമകാലിക പ്രവർത്തങ്ങൾ എടുത്തു നോക്കിയാൽ തൊഴിൽ നേടാൻ മാത്രം ഉള്ള ഒരു മാർഗം ആയാണ് വിദ്യാഭ്യാസത്തെ അല്ലെങ്കിൽ ഈ മേഖലയെ കാണുന്നത് .ഇത്തരത്തിൽ ഉള്ള തെറ്റായ കാഴ്ചപ്പാട് മാറേണ്ടതുണ്ട് .നമുക്കറിയാം വികസിത രാജ്യങ്ങൾ ഏറെ പ്രാധാന്യം ആണ് ശാസ്ത്രവിഷയങ്ങൾക്ക് നൽകുന്നത് അതുകൊണ്ടു തന്നെ അത്തരം സമൂഹങ്ങൾ ശാസ്ത്രവിഷയങ്ങളിൽ അനുകരണീയ മാതൃകയാണ് നമുക്കും മറ്റു പൊതുസമൂഹത്തിനാകെ മുന്നോട്ടു വച്ചിട്ടുള്ളത്.അനുദിനം മാറിക്കൊണ്ടിരിക്കുന്ന ശാസ്ത്രസാഹചര്യങ്ങൾ നമുക്കൊരു പാഠമാവുകയും ഇതിൽ നിന്നെല്ലാം പ്രചോദനം ഉൾക്കൊണ്ടു കൊണ്ടുള്ള ,ശാസ്ത്രവിഷയങ്ങൾക്ക് പ്രാധാന്യം നൽകികൊണ്ടുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാനും നടപ്പിലാക്കാനും നമുക്ക് കഴിയണം . ശാസ്ത്രവിഷയങ്ങൾ നിരവധി സാമൂഹിക വിഷയങ്ങൾ മുന്നോട്ട് വെക്കുന്നുണ്ടെങ്കിലും ക്ലാസ്റൂമുകളിൽ ഇത്തരം വിഷയം കൈകാര്യം ചെയ്യുമ്പോൾ നിരവധിയായ പ്രശ്നങ്ങൾ ആണ് നേരിടേണ്ടതായി വരുന്നത് .

1.U.P തലത്തിലെ മിക്ക കുട്ടികൾക്കും പാഠ്യപദ്ധതിശേഷി ,ധാരണ, ആശയങ്ങൾ എന്നിവ നേടാൻ കുട്ടികൾ പ്രയാസം നേരിടുന്നുണ്ട് .

| ലക്ഷ്യം | പ്രവർത്തങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1)ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | **നിശാഗന്ധി** -ജൈവവൈവിധ്യ പാർക്ക് ഔഷധത്തോട്ടം ,പച്ചക്കറിത്തോട്ടം ,ശലഭോദ്യാനം തുടങ്ങിയ ഉൾകൊള്ളിച്ച കൊണ്ടുള്ള ജൈവ വൈവിധ്യ പാർക്ക് | അക്കാദമിക വർഷം മുഴുവൻനടത്തുന്ന, നിശ്ചയിച്ച തിയ്യതികളിൽ | ശാസ്ത്ര അദ്ധ്യാപകൻ, സയൻസ് ക്ലബ് ,ഹെൽത്ത് ക്ലബ് ,ഊർജ്ജ ക്ലബ് | PTA |
| | **കണ്ടറിയാനൊരു യാത്ര-** വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടത്തെൽ ,ജൈവവൈവിധ്യ രജിസ്റ്റർ ,കാവുകൾസന്ദർശനം ,കണ്ടൽ ക്കാടുകൾ നിരീക്ഷണം ,പുഴയെ അറിയാൻ | ജൂലായ് | ശാസ്ത്ര അദ്ധ്യാപകൻ, സയൻസ് ക്ലബ് ,ഹെൽത്ത് ക്ലബ് ,ഊർജ്ജ ക്ലബ് | രക്ഷിതാക്കൾ |
| | **പരീക്ഷണ കളരി** - നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി | | | |

| | | | | |
|---|---|---|---|---|
| | രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാത്രക്ലാസുകൾ ആരംഭിക്കുന്നു ,പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു .പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു | ജൂൺ മുതൽ | ശാസ്ത്ര അദ്ധ്യാപകൻ, സയൻസ് ക്ലബ് ,ഹെൽത്ത് ക്ലബ് ,ഊർജ്ജ ക്ലബ് | PTA |
| 2)ശാസ്ത്രപ്രക്രിയ ശേഷി വികസിപ്പിക്കുക ,ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർധിപ്പിക്കുക | **മാസ്റ്റർമൈൻറ് -** സയൻസ് ക്ലബ് ,ഹെൽത്ത് ക്ലബ് ,ഊർജ്ജ ക്ലബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രൊജെക്ടുകൾ തയ്യാറാക്കി റിപ്പോർട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു | അക്കാദമിക വർഷത്തിലെ തിരഞ്ഞെടുത്ത ദിനങ്ങളിൽ | ശാസ്ത്ര അദ്ധ്യാപകൻ, സയൻസ് ക്ലബ് ,ഹെൽത്ത് ക്ലബ് ,ഊർജ്ജ ക്ലബ് | രക്ഷിതാക്കൾ |
| | എക്സ്പോ എക്സ്പോർ ആധുനിക ശാസ്ത്ര ലോകത്തിൻെറവിവിധ | അക്കാദമിക വർഷം | | |

| | | | | |
|---|---|---|---|---|
| | **യുറേക്ക**<br>കുട്ടികളിൽ ശാസ്ത്രബോധം വർധിപ്പിക്കുന്നതിനായി ക്ലാസ്സുകളിൽ ശാസ്ത്ര മാസികകൾ ഉൾകൊള്ളിച്ച ശാസ്ത്ര ലൈബ്രറി | അക്കാദമിക വർഷം | ശാസ്ത്രഅദ്ധ്യാപകൻ, | PTA |
| 3)ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക | **വിസ്മയ യാത്ര**<br>ICT യുടെ സഹായത്തോടെ ശാസ്ത്രവിസ്മയങ്ങൾ കുട്ടികളിലേക് എത്തിക്കുന്ന .പുതിയ കണ്ടെത്തലുകൾ ,ശാസ്ത്രസത്യങ്ങൾ ശാസ്ത്രകാരന്മാരുടെ ജീവചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം | അക്കാദമിക വർഷം | ശാസ്ത്രഅദ്ധ്യാപകൻ, | PTA |
| 4)പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണോൽസുക വർദ്ധിപ്പിക്കൽ | **ATAL TINKERING LABORATORY**<br>**പ്രയോജനപ്പെടുത്തി** | | | |

| | | | | |
|---|---|---|---|---|
| | **യുറേക്ക**<br>കുട്ടികളിൽ ശാസ്ത്രബോധം വർധിപ്പിക്കുന്നതിനായി ക്ലാസ്സുകളിൽ ശാസ്ത്ര മാസികകൾ ഉൾകൊള്ളിച്ച ശാസ്ത്ര ലൈബ്രറി | അക്കാദമിക വർഷം | ശാസ്ത്രഅദ്ധ്യാപകൻ, | PTA |
| 3)ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക | **വിസ്മയ യാത്ര**<br>ICT യുടെ സഹായത്തോടെ ശാസ്ത്രവിസ്മയങ്ങൾ കുട്ടികളിലേക് എത്തിക്കുന്ന .പുതിയ കണ്ടെത്തലുകൾ ,ശാസ്ത്രസത്യങ്ങൾ ശാസ്ത്രകാരന്മാരുടെ ജീവചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം | അക്കാദമിക വർഷം | ശാസ്ത്രഅദ്ധ്യാപകൻ, | PTA |
| 4)പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണോൽസുക ... | **ATAL TINKERING LABORATORY**<br>**പ്രയോജനപ്പെടുത്തി** | | | |

| | | | | |
|---|---|---|---|---|
| | കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു | | സയൻസ് ക്ലബ് | |
| | **ശാസ്ത്രവിസ്മയ ചുമർ**<br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപെട്ട ശാസ്ത്ര വിനിമയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു | അക്കാദമിക വർഷം | ശാസ്ത്രഅദ്ധ്യാപകൻ, | രക്ഷിതാക്കൾ |
| | **മുഖാമുഖം**<br>ശാസ്ത്രമേഖലയിലെ പ്രമുഖരായ വ്യക്തികളുമായി അഭിമുഖം നടത്തി ശാസ്ത്ര ആശയവുമായി ബന്ധപ്പെട്ട സെമിനാർ സംഘടിപ്പിച്ച പ്രബന്ധം തയ്യാറാക്കി അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു ,ശാസ്ത്ര ശില്പ ശാലകൾ സങ്കെടിപ്പിക്കുന്നു | അക്കാദമിക വർഷത്തിലെ തിരഞ്ഞെടുത്ത ദിനങ്ങളിൽ | ശാസ്ത്ര അദ്ധ്യാപകൻ, സയൻസ് ക്ലബ് ,ഹെൽത്ത് ക്ലബ് ,ഊർജ്ജ ക്ലബ് | രക്ഷിതാക്കൾ |

| | | | | |
|---|---|---|---|---|
| | പ്രതിഭാശാലികൾക്ക് ഗവേഷണത്തിന് വഴി ഒരുക്കുന്ന 3 D പ്രൊജക്ടർ ഉപയോഗിച്ച് കുട്ടികൾക്ക നേരിട്ട് കാണാൻ സാധ്യതയില്ലാത്ത FULLERENE പോലുള്ള മൂലകങ്ങളും അവയുടെ ഐസോടോപ്പുകളും മറ്റും ത്രിമാന രൂപത്തിൽ കാണിച്ചുകൊടുക്കുന്ന | അക്കാദമിക വർഷം | ശാസ്ത്രഅദ്ധ്യാപക | |

# GGHSS KALLAI

| ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ |
|---|---|---|---|---|
| 1. വായന കുട്ടികളിൽ പ്രോത്സാഹിപ്പിക്കുക, **എഴുത്ത്** എഴുതാനുള്ള കഴിവ് വികസിപ്പിക്കുക | അറബിക് ലൈബ്രറി ശാക്തീകരണം പുതിയ അറബിക് പുസ്തകങ്ങൾ ശേഖരിക്കുക. കഥ കൾ, കവിതകൾ, ചിത്രകഥകൾ, അറബി മാഗസി നു കൾ അറബി പത്രങ്ങൾ അടങ്ങിയ വായനാമൂല സ്ഥാപിക്കുന്നു. | 6 മാസം<br>ജൂൺ- നവംബർ | സ്ക്കൂൾ ലൈബ്രറി പുസ്തകങ്ങൾ | ബി ആർ സി<br>ഡയറ്റ്<br>പൂർവ്വ വിദ്യാർത്ഥികൾ സ്പോൺസർഷിപ്പ് |
| | ക്ലാസ്സ് കയ്യെഴുത്ത് മാഗസിനുകൾ നിർമ്മിക്കുന്നു.പഴയ സ്ക്കൂൾ മാഗസി നുകൾ വായിക്കുന്നു. | സപ്തംബർ, നവംബർ | | അദ്ധ്യാപകർ സ്പോൺസർഷിപ്പ് |
| | എല്ലാ കുട്ടികളുടെയും അറബി കവിത, കഥ ,പ്രബന്ധം മറ്റ് കഥ ലേഖനങ്ങളും മറ്റ് വിഭവങ്ങളും ചേർത്ത് കുട്ടികളെ എഡിറ്ററാക്കി മാഗസിൻ നിർമ്മിക്കുന്നു. നല്ല മാഗസിന് സമ്മാനം ക്ലാസ് മാഗസിനിലെ നല്ല വർക്കുകൾ ചേർത്ത് സ്ക്കൂളിൽ മാഗസിൻ തയ്യാറാക്കജശ | നവംബർ ഡിസംബർ | കുട്ടികൾ നൽകുന്ന രചനകൾ<br>അദ്ധ്യാപകർ നൽകുന്ന സാമഗ്രികൾ | പി.ടി.എ |

| ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ |
|---|---|---|---|---|
| അറിവിൻ തിളക്കം<br>അറബിയിൽ അറിവ് നേടുക | മാസാന്ത അറബി ക്വിസ്സ് മത്സരം<br>ഓരോ മാസവും നിശ്ചിത തിയ്യതികളിൽ ക്വിസിന്റെ ചോദ്യങ്ങൾ ഓരോ ക്ലാസ്സുകൾ പ്രദർശിപ്പിക്കുന്നു. ഉത്തരം എഴുതി ബോക്സിൽ നിക്ഷേപിക്കുന്നു. വിജയി കൾക്കും സമ്മാനം നൽകുന്നു. | ജൂൺ മുതൽ എല്ലാ മാസവും | ബോക്സ് ലാപ്പ് ടോപ്പ് | അദ്ധ്യാപകർ<br>പൂർവ്വ വിദ്യാർത്ഥികളുടെ സ്പോൺസർ ഷിപ്പ് |
| <u>ദിനാചരണങ്ങൾ</u><br>ദിനാചരണങ്ങളെ കുറിച്ചുള്ള അവബോധം ഉണ്ടാവുന്നു | പ്രതിഭകളെ കണ്ടെത്തുന്നതിനുള്ള മത്സരം നടത്തുന്നു. കലോത്സവത്തിൽ മുഴുവൻ അറബി ഇനങ്ങളിലെയും പ്രതിഭ കളെ കണ്ടെത്തുന്നു<br>ദിനാചരണങ്ങളിൽ അനുബന്ധ പോസ്റ്ററുകൾ പ്രദർശിപ്പിക്കുന്നു | ജൂലൈ -സപ്റ്റംബർ<br>വർഷം മുഴുവനും | സ്റ്റേജ് സൗണ്ട് ബോക്സ് | അദ്ധ്യാപകർ |

| ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ |
|---|---|---|---|---|
| ആസ്വാദനം | IT ,സാധ്യതകൾ ഉപയോഗിച്ച് കഥ, കവിത, ഡ്രാമ | | സിഡി ലോപ്ടോപ് ടിവി മൊബൈൽ | അദ്ധ്യാപകർ |
| അറബി ലാംഗ്വേജ് ലാബ് | അനിമേഷൻ, ഫിലിം പ്രദർശനം സംഘടിപ്പിക്കുന്നു | ജൂൺ ജനുവരി | | വിദ്യാർത്ഥികൾ |
| അറബി ഭാഷയെ കുറിച്ച് കൂടുതലറിയാൻ | അറബികേൾക്കാനും സംസാരിക്കാനും സഹായിക്കുന്നു | | പോസ്റ്റർ പുസ്തകങ്ങൾ, പുരാതന വസ്തുക്കൾ | ബി.ആർസി ഡയറ്റ് പൂർവ്വ വിദ്യാർത്ഥി സ്പോൺസർഷിപ്പ് |
| അറബി ഭാഷയെ കുറിച്ച് കൂടുതലറിയാൻ | വീഡിയോ കേൾക്കാനും കാണാ നും സൗകര്യമുണ്ടാക്കുക | ഡിസംബർ | | ബി.ആർസി ഡയറ്റ് പിടിഎ അദ്ധ്യാപകർ |
| | കുട്ടികളും അധ്യാപകരും ചേർന്ന് അറബിയുമായി ബന്ധപ്പെട്ട പുരാ തന വസ്തുക്കൾ ശേഖരിക്കുന്നു ലോക അറബി ദിനത്തിന് പ്രദർശിപ്പിക്കുന്നു. | ഡിസംബർ | | |

മേഖല : അക്കാദമികം ഹിന്ദി

## പൊതുവായ ലക്ഷ്യങ്ങൾ

- ✓ സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കാനുമുള്ള കഴിവ് വളർത്തിയെടുക്കുക.
- ✓ ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പാക്കുക.
- ✓ ഹിന്ദി ഭാഷാപഠനം ലളിതവും, രസകരവും ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
- ✓ ഹിന്ദി ഭാഷാ പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷാ സ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കു.
- ✓ ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുന്നു.

### എട്ടാംതരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| അക്ഷരം, ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു. ഉച്ചാരണം പരിചയപ്പെടുത്തുന്നു. അക്ഷരങ്ങൾ എഴുതാനും വായിക്കാനും കണ്ടെത്താനും പഠിപ്പിക്കുന്നു. | അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു. ✓ അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു. ✓ ഓഡിയോ വിഷ്വൽ സഹായത്തോടെ ഉച്ചാരണം കൂടുതലായി പരിചയപ്പെടുത്തുന്നു. ✓ | ഹ്രസ്വം ജൂൺ – ജൂലൈ |
| ആഴ്ചയുടെ പേരുകൾ എണ്ണങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു. | ക്ലാസ്സിലെ ഓരോ വിദ്യാർത്ഥിയുടേയും ജനന തിയ്യതി ഹിന്ദിയിൽ എഴുതുവാൻ പറയുന്നു. വർക്ക് ഷീറ്റുകൾ നൽകുന്നു. ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു. ✓ | മധ്യകാലം ഓഗസ്റ്റ് – സെപ്റ്റംബർ |
| ഹിന്ദി അനായാസം എഴുതുവാനും വായിക്കുവാനും പരിശീലിപ്പിക്കുന്നു. വായന പരിശീലനത്തിന് അധിക പ്രാധാന്യം നൽകുന്നു. കാർട്ടൂൺ, ചിത്രകഥ എന്നിവ വായിച്ച് ആശയം അവതരിപ്പിക്കുവാൻ കഴിയുന്നു. | കേട്ടെഴുത്ത്, പദസൂര്യൻ, പ്രശ്നോത്തരി എന്നിവ നൽകുന്നു. ചിത്രകഥ, കാർട്ടൂൺ, ചെറുകവിതകൾ തുടങ്ങിയവ വായനയ്ക്കായി നൽകുന്നു. | ഡിസംബർ – ജനുവരി |

### ഒമ്പതാംതരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| ഹിന്ദി എഴുതുവാനും വായിക്കുവാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ | വർക്ക് ഷീറ്റുകൾ നൽകുന്നു. ചിത്രങ്ങളടങ്ങിയ പുസ്തകങ്ങൾ വായിക്കുവാൻ നൽകുന്നു. ✓ | ഹ്രസ്വം ജൂൺ – ജൂലൈ |

| | | |
|---|---|---|
| കണ്ടെത്തി കൂടുതൽ പരിശീലനം നൽകുന്നു. | | |
| നാമം, സർവ്വനാമം, വിശേഷണം എന്നിവ മനസ്സിലാക്കുന്നു. വാക്യഘടന പരിചയപ്പെടുത്തുന്നു.<br>ചെറിയ ചെറിയ മുദ്രാവാക്യങ്ങൾ എഴുതുവാനറിയുന്നു. | ചാർട്ടുകൾ നൽകുന്നു. അതിൽ നിന്നും സർവ്വനാമം, വിശേഷണം എന്നിവ കണ്ടെത്തുവാൻ പറയുന്നു.<br>കവിത, കഥ പൂരിപ്പിക്കുവാൻ നൽകുന്നു. സൂചനാ ബോർഡുകൾ എഴുതി ക്ലാസ്സിൽ പ്രദർശിപ്പിക്കുവാൻ പറയുന്നു. | മധ്യം<br>ഓഗസ്റ്റ് - സെപ്റ്റംബർ |
| പോസ്റ്റർ തയ്യാറാക്കുവാനറിയുന്നു.<br>കവിത വായിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുവാനറിയുന്നു. | പോസ്റ്ററിന്റെ മോഡൽ നൽകുന്നു. വിവിധ വിഷയങ്ങൾ നൽകുന്നു. ക്ലാസ്സിൽ പ്രദർശിപ്പിച്ച് മൂല്യ നിർണ്ണയം നടത്തുന്നു. ചെറിയ കവിതകൾ നൽകിക്കൊണ്ട് ആസ്വാദനക്കുറിപ്പ് ക്ലാസ്സിൽ അവതരിപ്പിക്കുവാൻ പറയുന്നു. | ദീർഘം<br>ഡിസംബർ - നവംബർ |

**പത്താംതരം**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| കുട്ടികളുടെ ഭാഷ മെച്ചപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെ ഭാഷാവസ്തുതകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നു. | നാടകം വേദിയിൽ അവതരിപ്പിക്കുന്നു. സന്ദർഭോചിതമായി സംഭാഷണം തയ്യാറാക്കുവാൻ പറയുന്നു. | ഹ്രസ്വം<br>ജൂൺ - ജൂലൈ |
| സാഹിത്യാഭിരുചി വളർത്തുക, ഹിന്ദിവാരാഘോഷ സമയത്ത് ഹിന്ദി കലോത്സവം മികച്ച രീതിയിൽ നടത്തുന്നു. കുട്ടിയുടെ മികച്ച പങ്കാളിത്തം ഉറപ്പുവരുത്തുന്നു. | പദ്യം ചൊല്ലൽ, കഥ, കവിത, പോസ്റ്റർ നിർമ്മാണം എന്നിവ സംഘടിപ്പിക്കുന്നു. | മധ്യം<br>ഓഗസ്റ്റ് സെപ്റ്റംബർ ഒക്ടോബർ |
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നു.<br>കഥയെ തിരക്കഥയായി മാറ്റുവാനാറിയുന്നു.<br>സ്വഭാവ സവിശേഷതകളിന്മേൽ കുറിപ്പ് തയ്യാറാക്കുവാനാറിയുന്നു.<br>ഡയറി എഴുതുവാനറിയുന്നു. | പാഠഭാഗത്തിലെ സന്ദർഭങ്ങൾ നൽകുന്നു. കഥാപാത്രങ്ങളെ ആസ്പദമാക്കി, ചരിത്രകുറിപ്പ് തയ്യാറാക്കുവാൻ പറയുന്നു.<br>എല്ലാ ദിവസവും ഡയറിഎഴുതുവാനുള്ള നിർദ്ദേശം നൽകുന്നു. | ദീർഘം<br>നവംബർ ജനുവരി |

## പ്രവർത്തനം - വിശദാംശങ്ങൾ

**ഉപമേഖല - ഇംഗ്ലീഷ് ഭാഷാ പഠനം**

**പ്രവർത്തനം 1 - ഭാഷാശേഷി വികസനം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് നന്നായി വായിക്കാനും എഴുതാനും സംസാരിക്കാനും ഉള്ള ശേഷി വികസനം. | 1).ഇംഗ്ലീഷിൽ തന്നെ ഇംഗ്ലീഷ് ക്ലാസ് കൈകാര്യം ചെയ്യൽ. | എല്ലാ ക്ലാസ്സും | ബന്ധപ്പെട്ട ടീച്ചർ | |
| | 2). ഇംഗ്ലീഷ് ക്ലബ്ബിന്റെ പ്രവർത്തനം കാര്യക്ഷമമാക്കൽ - ഇംഗ്ലീഷിൽ ഡിബേറ്റ്, സെമിനാർ, പ്രസംഗം തുടങ്ങിയവ സംഘടിപ്പിക്കൽ | ആഴ്ചയിൽ ഒരു ദിവസം ഒരു വർഷത്തേക്ക് | ഇംഗ്ലീഷ് ക്ലബ്ബ് സെക്രട്ടറി, ക്ലാസ് ടീച്ചർ ഇൻചാർജ് | |
| | 3). ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി. മാറി മാറി ഓരോ ക്ലാസിനും ചുമതല | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ് ടീച്ചർ | |
| | 4). ഇംഗ്ലീഷിൽ ഡയറി എഴുത്ത് - ഓരോ കുട്ടിയും. | എല്ലാ ദിവസവും - തുടർച്ചയായി | ഇംഗ്ലീഷ് അധ്യാപകർ | |

**ഉപമേഖല: ഇംഗ്ലീഷ്**

**പ്രവർത്തനം: 2 ഇംഗ്ലീഷ് തിയറ്റർ**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയിൽ സർഗ്ഗാത്മക ശേഷി വികസനം | 1). ഇംഗ്ലീഷ് കഥ, കവിത - രചനാ ക്യാമ്പ്. ഉൽപ്പന്നങ്ങൾ പ്രസിദ്ധീകരിക്കൽ - (CPTAകാണിക്കൽ). | 3 മാസത്തിൽ ഒരിക്കൽ - 1 വർഷം | ഇംഗ്ലീഷ് ടീച്ചർ | 2000/പി.ടി.എ, പ്രാദേശിക സഹായം |

| | | | | |
|---|---|---|---|---|
| വ്യാകരണ ശുദ്ധിയോടെ ഭാഷ ഉപയോഗിക്കുന്നതിനുള്ള ശേഷി നേടൽ | 2). പാഠഭാഗങ്ങളെ വ്യത്യസ്തമായ വ്യവഹാര രൂപങ്ങളിലേക്ക് മാറ്റി അവതരണം. സ്കിറ്റ്, നാടകം, സംഭാഷണം തുടങ്ങിയ രീതികൾ.<br>3). ഇംഗ്ലീഷ് ന്യൂസ് റീഡിംഗ്.<br>4). ഇംഗ്ലീഷ് സിനിമാ പ്രവർത്തനം.<br>സ്കൂൾ അധിക സമയം ക ത്തി (9 to 10, 4 to 5) വ്യാകരണത്തിന് പ്രാധാന്യം നൽകി ക്ലാസ് | മാസത്തിൽ ഒരിക്കൽ.<br>ആഴ്ചയിൽ ഒരു ദിവസം<br>2 മാസത്തിൽ<br>ഇംഗ്ലീഷ് ടീച്ചർ<br>ആഴ്ചയിൽ 2 ദിവസം | ഇംഗ്ലീഷ് ടീച്ചർ, ക്ലബ്ബ് സെക്രട്ടറി<br>ഇംഗ്ലീഷ് ടീച്ചർ<br>ഇംഗ്ലീഷ് ക്ലബ്ബ് ഇൻചാർജ്ജ്<br>ഇംഗ്ലീഷ് ടീച്ചർ | 2000/പി.ടി.എ<br>-<br>പി.ടി.എ<br>പി.ടി.എ 1000/for Refreshment |
| വായന പരിപോഷിപ്പിക്കൽ | ക്ലാസ് ലൈബ്രറിയിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ, പുസ്തകം എന്നിവ ഉൾക്കൊള്ളിക്കൽ - വായനാ കുറിപ്പ് തയ്യാറാക്കൽ | ആഴ്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് ടീച്ചർ | - |
| കുട്ടികളുടെ രചനകൾ സമൂഹത്തിലേക്ക് | കുട്ടികളുടെ രചനകൾ സ്കൂൾ വിക്കിയിൽ ചേർക്കൽ. | പ്രതിമാസം | ഇംഗ്ലീഷ് ക്ലബ്ബ് സെക്രട്ടറി | - |

| ഉപമേഖല: ഗണിതം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| 1. ഗണിത പഠന പ്രവർത്തനങ്ങൾ ലളിതമാക്കൽ | 1) ഗണിത ലാബ് പ്രത്യേകമായി സജ്ജീകരിക്കുകയും കുട്ടികൾക്ക് ഗണിതാശയങ്ങൾ ലളിതമായി അവതരിപ്പിക്കുകയും ചെയ്യുക | ലാബ് സജ്ജീകരണം - അവധിക്കാലത്ത്. | പി.ടി.എ, ഗണിത ടീച്ചർ | 2,00,000/- |
| | 2). ജാമ്യതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയമുറ്റത്ത് ഗണിതപാർക്ക് സജ്ജീകരിക്കൽ. | ജൂൺ-ജൂലായ് | പി.ടി.എ, ഗണിത ടീച്ചർ | 2000/- പി.ടി.എ. |
| 2.ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കൽ | 1). വർക്ക് ഷീറ്റുകൾ ഉപയോഗിച്ച് കുട്ടികളിൽ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുന്നു. | ജൂൺ 1 മാസം | ഗണിത ടീച്ചർ | പി.ടി.എ. |
| | 2). ക്ലാസ്സിലെ കണക്കിൽ മിടുക്കരായ കുട്ടികളെ ഉപയോഗപ്പെടുത്തി അടിസ്ഥാന ഗണിതാശയങ്ങൾ ഉറപ്പിക്കൽ | ജൂൺ 1 മാസം | ഗണിത ടീച്ചർ | - |
| 3. ഗണിത ക്ലിനിക്ക് | ഏറ്റവും മികച്ച വിദ്യാർത്ഥികളെയും അധ്യാപകരെയും ഉപയോഗപ്പെടുത്തി ഗണിതക്ലിനിക്ക്. | 1 വർഷം | ഗണിത ടീച്ചർ, ഗണിത ക്ലബ്ബ് | - |

## മേഖല - ഹൈസ്കൂൾ - സയൻസ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രത്തിന്റെ മാസ്മരികത | | | | |
| കൗതുകം,ജിജ്ഞാസ, നിരീക്ഷണപാടവം എന്നിവ പരിപോഷിപ്പിക്കുക. | ലഘു പരീക്ഷണങ്ങൾ ചെയ്യുന്നതിനും സഹപാഠികളുടെ മുമ്പിൽ അവതരിപ്പിക്കുന്നതിനും അവസരം നൽകുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി ടി എ, രക്ഷിതാക്കൾ, സയൻസ് ക്ലബ് |
| | മോഡലുകൾ നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം നൽകുകയും കുട്ടികളെ കൊണ്ട് നിർമ്മിപ്പിക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | രക്ഷിതാക്കൾ, സയൻസ് ക്ലബ് |
| | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വസ്തുക്കളുടെ നിർമ്മാണവും പ്രദർശനവും . | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | രക്ഷിതാക്കൾ, സയൻസ് ക്ലബ് |
| | ലഘുപ്രൊജെക്ട് നൽകി മെച്ചപ്പെട്ടത് സ്കൂളിൽ അവതരിപ്പിക്കുന്നു | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി ടി എ, രക്ഷിതാക്കൾ, സയൻസ് ക്ലബ് |
| | വർഷത്തിലൊരിക്കൽ കുട്ടികൾ ഉണ്ടാക്കിയ വസ്തുക്കളുടെ പ്രദർശനം | അക്കാദമിക വർഷം 1 തവണ | സയൻസ് അധ്യാപകർ | പി ടി എ, രക്ഷിതാക്കൾ, സയൻസ് ക്ലബ് |

| | | | | |
|---|---|---|---|---|
| നമുക്കു ചുറ്റും | | | | |
| പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക | സമ്പൂർണ്ണ പ്ലാസ്റ്റിക് രഹിത ക്യാംപസ്<br>പച്ചക്കറിത്തോട്ടം<br>ഔഷധസസ്യതോട്ട നിർമ്മാണവും പരിപാലനവും | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി ടി എ, രക്ഷിതാക്കൾ, സയൻസ് ക്ലബ് |
| മികച്ച ഭാവിക്ക് മികച്ച ആരോഗ്യം | | | | |
| കുട്ടികളുടെ ആരോഗ്യ സംരക്ഷണവും പരിരക്ഷയും | ആരോഗ്യപരിശോധന ക്യാമ്പ് ,<br>ആരോഗ്യശില്പശാലകൾ<br>മികച്ച ആരോഗ്യ ശീലങ്ങൾ , മികച്ചവ്യായാമം | അക്കാദമിക വർഷം 1 തവണ<br>അക്കാദമിക വർഷം 1 തവണ<br>അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി ടി എ, രക്ഷിതാക്കൾ, സയൻസ് ക്ലബ്ഹെൽത്ത് ക്ലബ് |

| | | | | |
|---|---|---|---|---|
| പാഠഭാഗങ്ങൾക്ക് പുറത്ത് | സംസ്ഥാന ദേശീയതലത്തിലുള്ള ക്വിസ്, സെമിനാർ , പ്രോജക്ട് , മത്സരപരീക്ഷകൾ എന്നിവയിൽ പങ്കെടുപ്പിക്കുക | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി ടി എ , രക്ഷിതാക്കൾ, സയൻസ് ക്ലബ്ഹെൽത്ത് ക്ലബ് |

joyc